**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6206 | | 07.11.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തിരുവനന്തപുരം നഗരസഭ പരിധിയിൽ എം.പി ഫണ്ട് മുഖേന ഹൈമാസ്റ്റ് ലൈറ്റ് | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.മോൻസ് ജോസഫ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നഗരസഭ പരിധിയിൽ എം.പി ഫണ്ട് മുഖേന എത്ര ഹൈമാസ്റ്റ് ലൈറ്റ് 2016-2017 സാമ്പത്തിക വർഷം സ്ഥാപിച്ചു എന്നറിയിക്കാമോ; ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്; ഇതിന്റെ വൈദ്യുതി ചാർജ് ഓരോ ഹൈമാസ്റ്റിനും എത്രയാണെന്ന് അറിയിക്കാമോ; ഈ ചാർജ് വഹിക്കുന്നതിലൂടെ കോർപ്പറേഷന് പ്രതിവർഷം എത്ര രൂപ ചിലവാകുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ എം.പി. ഫണ്ട് ഉപയോഗിച്ച് 12 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. ടി പദ്ധതി ജില്ലാ കളക്ടർ മുഖേന കെൽട്രോൺ, കെ.എസ്.ഐ.ഇ. എന്നീ സ്ഥാപനങ്ങളാണ് നിർവ്വഹിച്ചിട്ടുള്ളത്. പുതിയതായി സ്ഥാപിക്കുന്ന ഒരു എൽ.ഇ.ഡി ഹൈമാസ്റ്റ് ലൈറ്റിന് പ്രതിമാസം ശരാശരി 2,000/- രൂപയോളം വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നു. അപ്രകാരം 12 ഹൈമാസ്റ്റ് ലൈറ്റുകൾക്ക് പ്രതി വർഷം 2,88,000/- രൂപ വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടതായി വരുന്നു. |
| (ബി) | ഇപ്പോൾ എം.പി മാർ പ്രൊപ്പോസൽ നൽകിയിരിക്കുന്ന 2016-17 സാമ്പത്തിക വർഷത്തെ എത്ര പദ്ധതികൾക്ക് നഗരസഭ അംഗീകാരം നൽകിയിട്ടുണ്ട്; ഇനി നൽകാനുള്ളത് ഏതൊക്കെ എന്ന് വാർഡ് തിരിച്ച് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) & (സി) | 2016-17 വർഷത്തിൽ സ്ഥാപിച്ച 12 ഹൈമാസ്റ്റ് ലൈറ്റുകൾക്ക് പുറമേ 13 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നഗരസഭയിൽ പുരോഗമിച്ചുവരുന്നു.<br>2016-17 വർഷത്തിൽ 2016 ഒക്ടോബർ മാസം ലഭിച്ച 13 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അത് പ്രകാരം തിരുവനന്തപുരം നഗരസഭയിലെ ഇടവക്കോട്, പട്ടം, പെരുന്താന്നി, നെട്ടയം, തുരുത്തുംമൂല, കഴക്കൂട്ടം, തിരുമല (2), പാങ്ങോട്, ചെട്ടിവിളാകം (2), പൗഡിക്കോണം (2) എന്നീ വാർഡുകളിലായി 13 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുള്ള കത്ത് നഗരസഭാ കൗൺസിലിന്റെ പരിഗണനയിലാണ്. |
| (സി) | ഇനി പ്രസ്തുത ലൈറ്റുകൾ സ്ഥാപിക്കാനുള്ളത് ഏതൊക്കെ സ്ഥലത്താണെന്നും ഇവയ്ക്ക് എത്രയും വേഗം അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | ഡിപ്പോകളുടെ എണ്ണം | 10000 രൂപയ്ക്ക് താഴെ | 10000 രൂപയ്ക്ക് മുകളിൽ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 20 | 875 | 426 |
| 2 | കൊല്ലം | 9 | 394 | 174 |
| 3 | പത്തനംതിട്ട | 7 | 184 | 103 |
| 4 | ആലപ്പുഴ | 7 | 283 | 157 |
| 5 | കോട്ടയം | 7 | 251 | 202 |
| 6 | ഇടുക്കി | 6 | 119 | 104 |
| 7 | എറണാകുളം | 9 | 375 | 145 |
| 8 | തൃശ്ശൂർ | 7 | 151 | 153 |
| 9 | പാലക്കാട് | 4 | 67 | 120 |
| 10 | മലപ്പുറം | 4 | 77 | 98 |
| 11 | കോഴിക്കോട് | 5 | 109 | 100 |
| 12 | വയനാട് | 3 | 120 | 106 |
| 13 | കണ്ണൂർ | 3 | 145 | 83 |
| 14 | കാസർഗോഡ് | 2 | 60 | 77 |
| | ആകെ | **93** | **3210** | **2048** |

സെക്ഷൻ ഓഫീസർ